ധനകാര്യ സ്ഥാപനമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 1971-ലെ കേരളാ ഗ്രാമവികസന ബോർഡ് ആക്ട് റദ്ദാക്കുന്നതിനുവേണ്ടിയുള്ള ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അത് പാസ്സാകുന്നമുറയ്ക്ക് അത് ധനകാര്യ സ്ഥാപനമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കും. അതോടുകൂടി അതിന്റെ പ്രവർത്തനങ്ങളും മെച്ചപ്പെടും. ഈ രണ്ടു സ്ഥാപനങ്ങളും ഒന്നാക്കുക എന്നുള്ള നിർദ്ദേശം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(12) പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ സർവ്വകലാശാലാ ബിരുദം എടുക്കാനുള്ള സാദ്ധ്യത ഇല്ലാതാകുന്നത് സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടാണ് എന്റെ സബ്മിഷൻ. സാധാരണ ഒരു ഭരണപരിഷ്ക്കാരം ഉണ്ടാകുമ്പോൾ നിലവിലുള്ള ചില സമ്പ്രദായങ്ങൾ ഉണ്ട്. ആ സമ്പ്രദായത്തിൽ വിദ്യാഭ്യാസം തുടർന്നുകൊണ്ടിരിക്കുന്ന ആളുകൾക്ക് അതിന്റെ കണ്ടിന്യൂവിറ്റി കൊടുക്കണം. നമ്മുടെ സംസ്ഥാനത്ത് പ്രൈവറ്റ് അപ്പിയറൻസിനുവേണ്ടിയുള്ള സാദ്ധ്യത വച്ച് പതിനായിരക്കണക്കിന് കുട്ടികൾ സർവ്വകലാശാലകളിൽ പേര് രജിസ്റ്റർ ചെയ്ത് ഒരു നിശ്ചിതപ്രായം കഴിയുമ്പോൾ അവർക്ക് ഡിഗ്രി വരെ എഴുതാൻ പറ്റുന്ന ഒരു സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്. ഇപ്പോൾ പ്രീ-ഡിഗ്രി ഡീലിങ്ങ് ചെയ്തതോടുകൂടി നമ്മുടെ സർവ്വകലാശാലയിലെ എക്സാമിനേഷൻ വിങ്ങും എക്സാമിനേഷൻ സമ്പ്രദായവും മാറുകയാണ്. സർവ്വകലാശാലകളിൽ പ്രീ-ഡിഗ്രി എക്സാമിനേഷൻ തന്നെ ഇല്ലാതാവുകയാണ്. അങ്ങനെ വരുമ്പോൾ പ്രൈവറ്റ് അപ്പിയറൻസിന് വരുന്ന കുട്ടികൾക്ക് പ്രൈവറ്റ് അപ്പിയറൻസിനുള്ള സാദ്ധ്യത ഇല്ലാതാകുന്നു. അവരുടെ സർവ്വകലാശാലാ പരീക്ഷ മുടങ്ങിപ്പോകുന്നു. അതോടൊപ്പം അവർക്ക് തുടർന്നും വിദ്യാഭ്യാസം നടത്തുന്നതിന് പ്രത്യേകിച്ചും ഇവർ സമൂഹത്തിലെ വളരെ സാധുക്കളായിട്ടുള്ള ആളുകളാണ്. ഡിഗ്രി എടുക്കണം എന്നുള്ള ഒരു മോഹം കൊണ്ടാണ് ഈ ഓപ്പൺ സമ്പ്രദായത്തിൽ പരീക്ഷ എഴുതുന്നത്. അപ്പോൾ ഡിഗ്രിക്കു എഴുതുന്ന ആളുകൾക്ക്, അവർക്ക് ഡിഗ്രി സമ്പാദിക്കാനുള്ള സാദ്ധ്യത ഇല്ലാതാകുകയാണ്. അതിന്റെ പേരിൽ ഒരു മാനസിക സംഘർഷവും, വിഷമവും നമ്മുടെ ഈ പ്രൈവറ്റ് അപ്പിയറൻസിലുള്ള കുട്ടികൾക്കുണ്ട്. അത് മാറ്റുന്നതിനുവേണ്ടിയുള്ള ഈ ഓപ്പൺ സമ്പ്രദായത്തിൽ പരീക്ഷ നടത്തുന്നതിന് ഇപ്പോഴുള്ള തടസ്സത്തെ സംബന്ധിച്ച് കുട്ടികൾക്കുണ്ടായ ആശങ്ക ദൂരീകരിക്കുന്നതിനുള്ള നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. അതിന്റെ ഒരു യഥാർത്ഥ വിവരം പറയാൻ ഈ സബ്മിഷനിലൂടെ അവസരം ഉണ്ടായിരിക്കുകയാണ്. 1999 ആഗസ്റ്റ് മാസത്തിൽ സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. 14 ജില്ലകളിലായി 22 സെന്ററുകൾ ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളാണ് ഈ സെന്ററുകളൊക്കെ. അതിൽ മൂന്ന് സെന്ററുകളിൽ ഇപ്പോൾ 145 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത് അവിടെ പഠനം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകർക്ക് എക്സ്ട്രാ ടൈം ഉപയോഗിക്കാം. അതുപോലെ തന്നെ കൂടുതൽ അദ്ധ്യപകർ അവിടെ വന്ന് ക്ലാസ് എടുത്താൽ ഒരു ദിവസത്തേയ്ക്ക് അവർക്ക് 200 രൂപാവച്ച് നൽകും. ചില റിട്ടയേർഡ് ടീച്ചർമാരുടെയെല്ലാം സർവ്വീസ് പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഈ സെന്ററുകൾ നടക്കുന്നത്. ഇപ്പോൾ ധാരാളം എൻക്വയറീസ് വന്നുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷം ഈ 22 സെന്ററുകളും സജീവമാകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ പ്ലസ് ടുവിന് മാത്രമല്ല, എസ്. എസ്. എൽ. സി. പരീക്ഷ എഴുതാനും സൗകര്യമുണ്ട്. എസ്. എസ്. എൽ. സി. പരീക്ഷയിൽ റോളിംഗ് അഡ്മിഷൻ എന്നുപറഞ്ഞ് ഒരു സിസ്റ്റം ഏർപ്പെടുത്തിയിരിക്കുകയാണ്. ഏത് സമയത്ത് വേണമെങ്കിലും രജിസ്റ്റർ ചെയ്യാം, അങ്ങനെ രജിസ്റ്റർ ചെയ്താൽ ആ കുട്ടികൾക്ക് രണ്ടു വർഷം പൂർത്തിയായാൽ പരീക്ഷ എഴുതാം. അതാണ് വ്യവസ്ഥ. അതുപോലെ പ്ലസ്ടുവിൽ ഒരു കുട്ടി പരാജയപ്പെട്ടു എന്നിരിക്കട്ടെ, അവർക്കുവേണ്ടി "Save a Year" മില്ലെനിയം ഗിഫ്റ്റായിട്ട് അടുത്ത വർഷം മുതൽ കൊടുക്കുകയാണ്. അടുത്ത വർഷം മുതൽ പ്ലസ് ടുവിനോ പ്രീ-ഡിഗ്രിക്കോ ഒരു കുട്ടി തോറ്റാൽ അവർക്ക് 45 ദിവസത്തിനുള്ളിൽ വീണ്ടും പരീക്ഷ എഴുതി റിസൾട്ട് കൊടുക്കുന്ന പരിപാടിയാണ്. രജിസ്റ്റർ ചെയ്താൽ രണ്ടാഴ്ചത്തെ ഇന്റൻസീവ് കോച്ചിംഗ് അതിനുശേഷം പരീക്ഷ എഴുതാം. 45 ദിവസത്തിനുള്ളിൽ റിസൾട്ട് വന്നാൽ ഡിഗ്രി കോഴ്സിനു അവർക്ക് ചേരാം. അതിന് 'SAY Scheme' എന്നാണ് പറയുന്നത്. ആ വർഷം തന്നെ അവർക്ക് കോളേജിൽ ചേരാനുള്ള അവസരം ഉണ്ടാകുകയാണ്. ഇത്രയും കോഴ്സുകൾ മാത്രമല്ല, ഇവിടെ ഇപ്പോൾ നാഷണൽ ഓപ്പൺ സ്കൂളുകൾ ഉണ്ട്. കേരളത്തിൽ 24 അക്കാഡമിക് സെന്ററുകളുണ്ട്. ഇതിനുള്ള ഒരു പ്രത്യേകത, യൂണിവേഴ്സിറ്റിയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ ആർട്സ് വിഷയങ്ങൾക്ക് മാത്രമാണ് ഉണ്ടായിരുന്നത്. ഇവിടെ പ്രൈവറ്റ് രജിസ്ട്രേഷൻ സയൻസ് വിഷയങ്ങൾക്കും കൊടുക്കുകയാണ്. സയൻസ് വിഷയങ്ങൾക്ക് ആർക്കെങ്കിലും അഡ്മിഷൻ വേണമെങ്കിൽ അവർക്കും രജിസ്ട്രേഷൻ നമ്മൾ നൽകുന്നതാണ്. ഇതിനുപുറമേ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഇലക്ട്രോണിക്സ്, കോമേഴ്സ്, ഓഫീസ് മാനേജ്മെന്റ്, ജെറിയാട്രിക് കെയർ എന്നുപറഞ്ഞാൽ നമ്മുടെ പ്രായമായ ആളുകളെ ശുശ്രൂഷിക്കുന്നതിന് വളരെയേറെ ജോലിസാദ്ധ്യതകൾ ഇന്ത്യയ്ക്ക് വെളിയിൽ തന്നെയുണ്ട്. ആ കോഴ്സും ഈ ഓപ്പൺ സ്കൂളിൽ നമ്മൾ തുടങ്ങുകയാണ്. തുടങ്ങുക എന്നുപറഞ്ഞാൽ അടുത്ത അക്കാഡമിക് ഇയർ മുതൽ തുടങ്ങുകയാണ്. ഫ്ളോറി കൾച്ചർ തുടങ്ങിയിട്ടുള്ള കോഴ്സുകളുമുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ തോറ്റവർക്ക് പിന്നെ അവർ പരീക്ഷ ജയിക്കണ്ട Two year certificate course in vocational training. വൊക്കേഷണൽ ട്രെയിനിംഗിന് പ്രത്യേക കോഴ്സാണ്. അതും അടുത്തവർഷം മുതൽ ആരംഭിക്കുകയാണ്. മറ്റൊരു സ്കീം എസ്. എസ്. എൽ. സി. ഓപ്പൺ. 16 വയസ് പൂർത്തിയായ ഒരു വിദ്യാർത്ഥിക്ക് അയാൾ ഒരു പരീക്ഷയും പാസ്സാകുന്നില്ല എന്നുവയ്ക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഏഴാം ക്ലാസുമില്ല, എട്ടാം ക്ലസുമില്ല, ഒരു ടെസ്റ്റ് നടത്തിയിട്ട് ഒരു മിനിമം സ്റ്റാന്റേർഡ് ഉണ്ടെങ്കിൽ രജിസ്റ്റർ ചെയ്യാം, അങ്ങനെ രജിസ്റ്റർ ചെയ്താൽ ഒരു വർഷത്തിനുള്ളിൽ പരീക്ഷ എഴുതാം. ഈ അവസരവും കൊടുത്തിരിക്കുകയാണ്. അപ്പോൾ ഈ ഓപ്പൺ സ്കൂളിൽ വളരെയേറെ അവസരങ്ങൾ ഉണ്ടായിരിക്കുന്നു. ഇന്ന് യൂണിവേഴ്സിറ്റി കൊടുക്കുന്നതിനേക്കാൾ കൂടുതൽ, സയൻസ് വിഷയങ്ങൾക്കുൾപ്പെടെ, രജിസ്റ്റർ ചെയ്യാം അതിനുള്ള സെന്റേഴ്സെല്ലാം തുറന്നു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഒരു ആശങ്കയ്ക്കും അവകാശമില്ല.

(13) സർവ്വകലാശാലാ നിയമനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീ. ജി. സുധാകരൻ : സർ, കേരള സർവ്വകലാശാലയിലെ ജീവനക്കാരുടെ പ്രമുഖ സംഘടനയായിട്ടുള്ള കേരളാ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ ഇന്ന് സെക്രട്ടേറിയറ്റിലേയ്ക്ക് ഒരു മാർച്ച് നടത്തുകയാണ്. രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് അവർ ഉന്നയിക്കുന്നത്. ഒന്ന്, 1997-ൽ പ്രി-ഡിഗ്രി വേർപ്പെടുത്തലുമായി ബന്ധപ്പെട്ട് നിയമസഭ പാസ്സാക്കിയ പ്രീ-ഡിഗ്രി അബോളിഷൻ ബില്ലിൽ അഞ്ചാം വകുപ്പിൽ പറയുന്ന എംപവേർഡ് കമ്മിറ്റിയുടെ പ്രവർത്തനം, പരിശോധിച്ച് തടയേണ്ട നിയമനങ്ങൾ മാത്രമല്ല പ്രീ-ഡിഗ്രിയുമായി ബന്ധമില്ലാത്ത പ്രധാനപ്പെട്ട നിയമനങ്ങൾ അടക്കം തടഞ്ഞുവയ്ക്കുന്നരീതി തുടരുകയാണ്. സെക്യൂരിറ്റി ജീവനക്കാർ, എഞ്ചിനീയറിംഗ് വിഭാഗം, ലെക്സിക്കൻ, ടെക്നിക്കൽ ജീവനക്കാർ, ടൈപ്പിസ്റ്റ് തുടങ്ങിയ വിഭാഗങ്ങളുടെ നിയമനങ്ങൾ ഒന്നും സമ്മതിക്കുന്നില്ല. ഇത് ഒരു അട്ടോണമസ് നേച്ചറുള്ള യൂണിവേഴ്സിറ്റിയുടെ സ്വയംഭരണാവകാശത്തെ പല രീതിയിലും പ്രതികൂലമായി ബാധിക്കുമെന്നുള്ളകാര്യം വീണ്ടും ഒരിക്കൽകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഗവൺമെന്റ് നല്ല ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നതാണ് ഇത്. പക്ഷെ ഈ എംപവേർഡ് കമ്മിറ്റിയുടെ പ്രവർത്തനം പരിശോധിച്ച് ഒന്നുകിൽ അത് ഒഴിവാക്കുകയോ ഇല്ലെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുകയോ ചെയ്യണമെന്നാണ് പ്രധാനപ്പെട്ട ഒരു ആവശ്യം. ഇത് പരിഗണിക്കാവുന്ന ഒരു കാര്യമാണെന്നാണ് ഞാൻ കരുതുന്നത്. രണ്ടാമത്തായി യൂണിവേഴ്സിറ്റിയിലെ പുതിയ സാമ്പത്തികസ്ഥിതി കേരളാ യൂണിവേഴ്സിറ്റിയിൽ മുന്നൂറോളം യൂണിവേഴ്സിറ്റി അദ്ധ്യാപകരുണ്ട്. രണ്ടായിരത്തിലേറെ ജീവനക്കാരും ഉണ്ട്. 1997-ലെ ശമ്പള പരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ മാസം 53 ലക്ഷത്തിലധികം തുക വീതം 7 കോടിയോളം രൂപ ഒരു വർഷം അധികമായിട്ട് ജീവനക്കാർക്ക് ശമ്പളമായി കൊടുക്കേണ്ടതായിട്ടുണ്ട്. യു.ജി.സി. ശമ്പളം പ്രഖ്യാപിച്ചതനുസരിച്ച് 10 കോടി രൂപ ഒരു വർഷം വേണം. 3 കോടി രൂപയോളം ഡി.എ. കുടിശ്ശികയായി ഈ വർഷം വേണം. കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് 1 കോടി രൂപ വേണം. അങ്ങനെ ഒട്ടാകെ 23 കോടി രൂപ മുൻപില്ലാത്ത അധിക ചെലവ് വന്നിട്ടുണ്ട്. ഇതിനാവശ്യമായ അധിക ഗ്രാന്റ് നൽകിയിട്ടില്ല. അത് പരിഗണിക്കാവുന്നിടത്തോളം നൽകുന്നില്ല എങ്കിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ഗവൺമെന്റിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന യൂണിവേഴ്സിറ്റികൾക്ക് പ്രയാസമുണ്ടാകും. കേരള യൂണിവേഴ്സിറ്റിയുടെ ഒരു പ്രത്യേകത 1186 പെൻഷൻകാർ അവിടെയുണ്ട് എന്നതാണ്. കാരണം

LIBRARY ARCHIVES Kerala Legislative Assembly